## പതിമൂന്നാം കേരള നിയമസഭ
### ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2913** **20/12/2012 -ൽ മറുപടിക്ക്**

## അദ്ധ്യാപികമാർക്കുള്ള ഡ്രസ് കോഡ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.കെ. ബാലൻ | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അധ്യാപികമാർക്ക് വിദ്യാഭ്യാസ വകുപ്പ് ഡ്രസ് കോഡ് നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപികമാർക്ക് പൊതു വിദ്യാഭ്യാസ വകുപ്പ് ഡ്രസ്സ് കോഡ് നിശ്ചയിച്ചിട്ടില്ല. |
| (ബി) | എയ്ഡഡ് സ്കൂളുകളിലെ അധ്യാപികമാർക്ക് പ്രത്യേക ഡ്രസ് കോഡ് നിശ്ചയിക്കാൻ സ്കൂൾ മാനേജർമാർക്ക് അധികാരമുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ; | (ബി) | ഡ്രസ്സ് കോഡ് നിശ്ചയിക്കാൻ സ്കൂൾ മാനേജർക്ക് അധികാരമില്ല. |
| (സി) | മലപ്പുറം ജില്ലയിലെ അരിക്കോട് സുല്ല മുസ്സലാം ഓറിയന്റൽ ഹൈസ്കൂളിലെ ഗണിതാധ്യാപിക ശ്രീമതി ജമീലയെ മാനേജർ സസ്പെന്റ് ചെയ്തത് എന്തിനാണെന്ന് വ്യക്തമാക്കുമോ; | (സി) | ശ്രീമതി. ജമീലയെ അച്ചടക്ക നടപടികളുടെ ഭാഗമായി സസ്പെൻഡ് ചെയ്യുന്നതായിട്ടാണ് സസ്പെൻഷൻ ഉത്തരവിൽ പറഞ്ഞിരിക്കുന്നത്. |

| | | | |
|---|---|---|---|
| (ഡി) | മാനേജരുടെ നടപടിയെക്കുറിച്ച് വിദ്യാഭ്യാസ വകുപ്പിന് പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിദ്യാഭ്യാസ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സസ്പെൻഷൻ പിൻവലിക്കാൻ നിർദ്ദേശം നൽകിയിരുന്നോ; നൽകിയെങ്കിൽ നിർദ്ദേശം മാനേജർ പാലിച്ചോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | മാനേജരുടെ നടപടി സംബന്ധിച്ച് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് പരാതി ലഭിച്ചു. പരാതിയിന്മേൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അന്വേഷണം നടത്തി അദ്ധ്യാപികയെ തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കണമെന്ന് മാനേജർക്ക് നിർദ്ദേശം നൽകി. പ്രസ്തുത നിർദ്ദേശം മാനേജർ പാലിച്ചിട്ടില്ല. മാത്രമല്ല അതിനെതിരെ സർക്കാരിൽ റിവിഷൻ ഹർജി തന്നു. മാനേജർ സർക്കാരിൽ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് നടപ്പിലാക്കുന്നത് തടഞ്ഞുകൊണ്ടും, ബന്ധപ്പെട്ടവരെ കേട്ട ശേഷം പരാതിയിന്മേൽ നടപടി കൈക്കൊള്ളുന്നതിനും മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

Sreedevi

സെക്ഷൻ ഓഫീസർ